പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 217 — 18.06.2014- ൽ മറുപടിക്ക്

ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി. എസ്. സുനിൽ കുമാർ<br>" ഇ. കെ. വിജയൻ<br>ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഹോട്ടലുകൾക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ടോ; | എ) | നിർബന്ധമാക്കിയിട്ടുണ്ട് |
| ബി) | ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് എത്ര ഹോട്ടലുകളുണ്ട്; ഇതിൽ ഭക്ഷ്യസുരക്ഷാ ലൈസൻസ് എടുത്തിട്ടുള്ള എത്ര ഹോട്ടലുകളുണ്ട്; ലൈസൻസ് എടുക്കാത്തവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകൾ എല്ലാം തന്നെ, ഭക്ഷ്യസുരക്ഷാ ലൈസൻസോ/രജിസ്ട്രേഷനോ കരസ്ഥമാക്കിയിട്ടില്ല. നിലവിൽ മറ്റെന്തെങ്കിലും ലൈസൻസുള്ളവർക്ക്, ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ കരസ്ഥമാക്കുന്നതിന് 2014 ആഗസ്റ്റ് 5 വരെ Food Safety and Standards Authority of India സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഹോട്ടലുകളുൾപ്പെടെ ഇതിനകം 30439 വ്യാപാരികൾ ലൈസൻസും 160365 രജിസ്ട്രേഷനും കരസ്ഥമാക്കിയിട്ടുണ്ട്. എന്നാൽ ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാത്ത കാരണത്താൽ ഹോട്ടലുകൾക്കെതിരെ നിലവിൽ നടപടി സ്വീകരിക്കുന്നില്ല. എന്നാൽ പരിശോധനയിൽ വൃത്തിഹീനമായതോ പഴക്കം ചെന്നതായ ആഹാരമോ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി ഹോട്ടലുകൾക്കെതിരെ ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരം നടപടി സ്വീകരിക്കാറുണ്ട്. |
| സി) | ഹോട്ടലുകളുടെ നിലവാരം ഉയർത്തുന്നതിനും മികച്ച ഭക്ഷണം ലഭ്യമാക്കുന്നതിനും | സി) | സംസ്ഥാന വ്യാപകമായി സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച്, ഭക്ഷ്യസുരക്ഷാ കമ്മീഷണർ പുറപ്പെടുവിച്ച 30 |

| | | | |
|---|---|---|---|
| | ഭക്ഷണം ലഭ്യമാക്കുന്നതിനും എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | | കമ്മീഷണർ പുറപ്പെടുവിച്ച 30 ഇന മാനദണ്ഡങ്ങൾ ഹോട്ടലുകൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി പരിശോധന കർശനമാക്കിയിട്ടുണ്ട്. സംസ്ഥാന വ്യാപകമായി ഈ വർഷം മാത്രം ഇതിനകം 1342 ഭക്ഷ്യവ്യാപാര സ്ഥാപനങ്ങൾ പരിശോധിക്കുകയും, 346 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും, 14 സ്ഥാപനങ്ങൾ അടപ്പിച്ചിട്ടുള്ളതും 1,86,000 രൂപ പിഴയായി ഈടാക്കിയിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**